**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1035 14/01/2021 -ലെ മറുപടിക്ക്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

ചോദ്യം

**ശ്രീ. അനൂപ് ജേക്കബ് :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുവെന്നും വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലായി എത്ര തൊഴിലാളികൾ അംശദായം അടച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ ഭരണ ചെലവ് കുറയ്ക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുമോ? | (ബി) | വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമനം. | തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പേര് | അംശദായം അടയ്ക്കുന്ന തൊഴിലാളികളുടെ എണ്ണം. |
|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡ് | 206939 |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 28122 |
| 3 | കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ് | 500000 (ശരാശരി) |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2619 |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 496750 |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 81578 |
| 7 | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 800027 |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 19204 |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 6035 |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | 1482902 |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 970647 |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | സ്കാറ്റേർഡ് -31241<br>അൺഅറ്റാച്ച്ഡ് -38893 |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 11315 |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 20538 |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 296413 |
| 16 | കേരള ആഭരണ തൊഴിലളി ക്ഷേമനിധി ബോർഡ് | 13780 |
| 17 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 153151 |
| 18 | കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | 301727 |
| 19 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 8000 (ശരാശരി) |
| 20 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് | 46444 |

സെക്ഷൻ ഓഫീസർ

# അനുബന്ധം -2

ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ബോർഡുകളുടെ പുന:സംഘടനയും, ശാക്തീകരണവും, അംശദായ നിരക്ക് വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മിക്ക തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും അംശദായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണചെലവ് സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ എന്നിവ പരിശോധിച്ച്, വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തികൊണ്ട് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭരണ ചെലവ് കുറയ്ക്കുന്നതിന് സർക്കാർ തലത്തിൽ പൊതുവിൽ നൽകുന്ന നിർദ്ദേശങ്ങളും ഓരോ ക്ഷേമനിധി ബോർഡും പ്രത്യേകമായും നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഭരണച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ബോർഡിന് താലൂക്ക് ആസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന കളക്ഷൻ സെൻററുകൾ നിറുത്തലാക്കുകയും ക്ഷേമനിധി വിഹിതം സ്വീകരിക്കുന്നതിന് ഇ പെയ്മെന്റ്, ഓൺലൈൻ ഇ പെയ്മെന്റ്, അക്ഷയ കേന്ദ്രങ്ങൾ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറുന്നതിനു വേണ്ടി സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും തൊഴിലാളികൾക്ക് സേവനങ്ങൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിന്റെയും ഭാഗമായി സർക്കാർ സ്ഥാപനമായ സി-ഡിറ്റുമായി ചേർന്ന് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ പരിമിതമായ സ്റ്റാഫ് സ്ട്രെങ്ത് ആണ് നിലവിലുള്ളത്. ബോർഡിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി വരികയാണ്. ആയത് ഭരണച്ചെലവ് ഒരു പരിധിവരെ കുറയ്ക്കാൻ സഹായിക്കും. ഭരണച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ എല്ലാ ഓഫീസുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലേയ്ക്ക് മാറുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായെങ്കിലും ജില്ലാ ഓഫീസുകളിൽ അധികം ജീവനക്കാരെ നിയമിച്ചിട്ടില്ല. സ്റ്റേഷനറി, പ്രിൻറിംഗ് മറ്റ് അനുബന്ധ ചെലവുകൾ പരമാവധി ചുരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കാസർഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലാ ഓഫീസുകൾ അധികച്ചുമതല ക്രമീകരണത്തിലൂടെ ചെലവ് ചുരുക്കി പ്രവർത്തിച്ചു വരികയാണ്. വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, റ്റി. എ, സിറ്റിംഗ് ഫീ, മറ്റ് അനാമത്ത് ചെലവുകൾ ചുരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് വിവിധ ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെ 5% ആണ് ഭരണച്ചെലവിനായി വിനിയോഗിക്കുന്നത്.

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായതിനാൽ അത്യാവശ്യ ജീവനക്കാരെ ഉൾപ്പെടുത്തിയാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായി ഈ ബോർഡിനെ സംയോജിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് പരമാവധി ഭരണച്ചെലവ് കുറച്ചാണ് പ്രവർത്തിക്കുന്നത്. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ബോർഡിൽ ഭരണച്ചെലവുകൾ താരതമ്യേന കുറവാണ്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയായി. ഭരണച്ചെലവ് കുറയ്ക്കുന്നതിന് മറ്റു നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഭരണച്ചെലവ് കുറയ്ക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിൽ അധിക ചുമതല നൽകിയും, മറ്റ് ജീവനക്കാരുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുമുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മുഖ്യവരുമാന മാർഗ്ഗമായ വ്യാപാരി അംശദായം പിരിക്കുന്നത് കേരള ഹൈക്കോടതി റദ്ദാക്കിയതിനെത്തുടർന്ന് വരുമാനത്തിന്റെ 85% -ത്തോളം നിലച്ചതോടെ ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം നാമമാത്രമായ ജീവനക്കാരെ നിയമിച്ച് പരമാവധി ഭരണച്ചെലവ് കുറച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ജീവനക്കാരെ നിയമിക്കുന്നത് അന്യത്ര സേവന വ്യവസ്ഥയിലാണ്. നിലവിൽ ബോർഡിന് അനുവദിക്കപ്പെട്ട 87 തസ്തികകളിൽ 35 പേർ മാത്രമാണ് അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നത്.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണച്ചെലവ് തുലോം തുച്ഛമാണ്. പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജീവനക്കാരും അനുബന്ധ ഓഫീസുകളിലെ ജീവനക്കാരുമാണ് മേൽ ബോർഡിലെ ജോലികൾ അധികച്ചുമതലയായി നിർവ്വഹിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ